LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2629 പോലീസ് ഉദ്യോഗസ്ഥർ അച്ചടക്ക നടപടിക്ക് വിധേയരായിട്ടുണ്ട്.

(ബി) 52 പേരെ പിരിച്ചുവിടുകയും, 1131 പേരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. സ്ഥലം മാറ്റപ്പെട്ടവർ 158 പേരാണ്.

(സി) പോലീസുകാർ പ്രതികളായ 124 സ്ത്രീ പീഡനക്കേസുകളും, 13 ബലാത്സംഗ കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സസ്പെൻഡ് ചെയ്യപ്പെട്ട 1004 പേരെ തിരിച്ചെടുക്കുകയുണ്ടായി. സർവ്വീസിൽനിന്നും പുറത്താക്കപ്പെട്ടവർ (പിരിച്ചുവിട്ടവർ) 52 പേരാണ്.

ഉദ്യോഗസ്ഥന്മാരുടെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകൾ

251 (2124) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉദ്യോഗസ്ഥരുടെ അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്സുകളിൽ ആർക്കെല്ലാമെതിരെയാണ് കേസ് എടുത്തതെന്നും എന്തിനെല്ലാമായിരുന്നു കേസ് എടുത്തതെന്നും ഉള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര സർക്കാർ ജീവനക്കാർ തടവിലാക്കപ്പെട്ടു ; ആരെല്ലാം ; വിശദാംശം ലഭ്യമാക്കാമോ ;

(സി) എത്ര ഉദ്യോഗസ്ഥൻമാർക്കെതിരെ പിഴ ചുമത്തി; ആർക്കെല്ലാമെതിരെയാണ് പിഴ ചുമത്തിയത് ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം 30-11-2014 വരെ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയിൽ 458 അഴിമതി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) മുൻ കാലങ്ങളിൽ രജിസ്റ്റർ ചെയ്ത കേസ്സുകൾ ഉൾപ്പെടെ മൊത്തം 62 ഉദ്യോഗസ്ഥർ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ എല്ലാ കേസ്സുകളിലും അപ്പീൽ നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ 4 വിജിലൻസ് കോടതികളിലും കൂടി 62 കേസ്സുകളുടെ വിധിയുടെ അടിസ്ഥാനത്തിൽ 28,88,050 രൂപ പിഴ ചുമത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രതികൾ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ പിഴ ഒടുക്കിയിട്ടില്ല